കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# പേരയം ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.എൽ.എം. പി 6 / 1892 / 16

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
കൊല്ലം ജില്ല
തീയതി, 04.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പേരയം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരയം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.എൽ.എം. പി6/1892/2016

തീയതി, 04.02.2017

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ
2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള
ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-1-2016 മുതൽ 14-12-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി. ഗീത.എം., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15-12-2016 മുതൽ 22-12-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ജി.സിന്ധു | ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) |
| | | പത്മകുമാരി.എൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.. |
| | | അമ്പിളി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ജൂഡിറ്റ് വർഗ്ഗീസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഷാജി വട്ടത്തറ<br>ശ്രീ.സ്റ്റാൻസി യേശുദാസൻ | 01-04-2015 മുതൽ 31-10-2015 വരെ<br>1.11.2015 മുതൽ 11.11.2015 വരെ അഡ്ഹോക്ക് കമ്മിറ്റി<br>12-11-2015 മുതൽ 31-03-2016വരെ |
| സെക്രട്ടറി | ശ്രീമതി.മാർഗരറ്റ് വി.എസ്. | 1-4-15മുതൽ 15-04-15വരെ |
| | ശ്രീ.പ്രേമചന്ദ്രൻ പിള്ള | 16-4-15മുതൽ 10-05-15വരെ |
| | ശ്രീമതി.മാർഗരറ്റ് വി.എസ്. | 11-05-2015 മുതൽ 21-07-2015 വരെ |
| | ശ്രീ.പ്രേമചന്ദ്രൻ പിള്ള | 22-07-2015 മുതൽ 24-07-2015 വരെ |
| | ശ്രീമതി.മേബിൾ | 25-07-15 മുതൽ 31-03-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| .വെറ്ററിനറി സർജൻ | ഡോ.രാജി | 01-04-2015 മുതൽ 23-05-2015 വരെ |
| | ഡോ.ദീപ്തി | 24-05-15 മുതൽ 31-03-16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഷാജി ലാൽ .കെ | 01-04-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.എം.കരോളിൻ | 01-04-15 മുതൽ 23-05-15വരെ |
| | ശ്രീ.രഞ്ജിത് രാജ് | 24-05-15മുതൽ 23-09-15 വരെ |
| | ശ്രീമതി.സീന | 24-09-15 മുതൽ 31-03-16 വരെ |
| വി.ഇ.ഓ | ശ്രീ.സുമേഷ് | 01-04-15 മുതൽ 31-03-16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മറിയാമ്മാ പോൾ | 01-04-15 മുതൽ 31-05-15 വരെ |
| | ശ്രീമതി.സിസില.പി | 1-6-15 മുതൽ 13-8-15 വരെ |
| | ശ്രീമതി.ഗ്രേസി.എ | 14-8-15 മുതൽ 31-03-16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ശ്രീദേവി | 01-04-15 മുതൽ 31-03-16 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ഗ്രേസി തോമസ് | 01.04-15 മുതൽ 19.05.15 വരെ |
| | ശ്രീമതി.ചെറു പുഷ്പം | 20-05-15 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ഹരീഷ് കുമാർ | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ശ്രീരേഖ | 01-04-15മുതൽ 08-05-15 വരെ |

| | | |
|---|---|---|
| ഹോമിയോ | | |
| | ഡോ.അഞ്ജന എസ്. പിള്ള | 09-05-15 മുതൽ 03-01-16 വരെ |
| | ഡോ.ശ്രീരേഖ | 04-01-16 മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.നിസ | 01-04-15 മുതൽ 08-06-15 FN വരെ |
| | ഡോ.അനീഷ്ജോസ് | 08-06-15 AN മുതൽ 07-11-15 FNവരെ |
| | ഡോ.ലക്ഷമി | 07-11-15 ANമുതൽ 11-12-15 വരെ |
| | ഡോ.അനീഷ് ജോസ് | 12-12-15 മുതൽ 17-01-16 വരെ |
| | ഡോ.ലിൻസി പി.ബേബി | 18-01-16 മുതൽ 01-02-16 വരെ |
| | ഡോ.അനീഷ് ജോസ് | 01-02-16 മുതൽ 31-03-16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | വാടക- കുടിശ്ശിക ഒടുക്കുന്നില്ല | 2-1 |
| 13 | മൊബൈൽ ടവർ- നികുതി ഈടാക്കുന്നില്ല | 2-2 |
| 14 | തൊഴിൽ നികുതി, സ്ഥാപന നികുതി-പഞ്ചായത്തിന് വരുമാന നഷ്ടം | 2-3 |
| 15 | നിരസിച്ച അപേക്ഷകളിൻമേൽ നടപടി കൈക്കൊള്ളുന്നില്ല. | 2-4 |
| | ഭാഗം 3 | |
| 16 | നിലവിലില്ലാത്ത ബൾബിന് കറന്റ് ചാർജ് ഒടുക്കി | 3-1 |
| 17 | തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല | 3-2 |
| 18 | വാർഡ്തല സാനിട്ടേഷൻ കമ്മറ്റിയ്ക്ക ഒന്നിൽ കൂടുതൽ അക്കൌണ്ടുകൾ | 3-3 |
| 19 | പഞ്ചായത്ത് കെട്ടിടം കരാറില്ലാതെ വിട്ടു നൽകി | 3-4 |
| 20 | മീഡിയാശ്രീ | 3-5 |
| 21 | കരാർ ജീവനക്കാരുടെ സർവ്വീസ് ബുക്ക് കാലികമാക്കിയിട്ടില്ല | 3-6 |
| 22 | പച്ചക്കറി വികസനം-സബ്സിഡി അധികം നൽകി | 3-7 |
| 23 | സർക്കാർ ജീവനക്കാരുടെ കുടുംബങ്ങൾക്ക് ആടുവളർത്തൽ പദ്ധതിയിലൂടെ ആനുകൂല്യം നൽകി | 3-8 |
| 24 | വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3-9 |
| 25 | കന്നുകുട്ടിപരിപാലനപദ്ധതി-വിനിയോഗ രേഖയില്ല | 3-10 |

| | | |
|---|---|---|
| 26 | പോത്തുകുട്ടി വളർത്തൽ, ആട്ടുവളർത്തൽ പദ്ധതി-അപാകതകൾ | 3-11 |
| 27 | പൈപ്പ് കമ്പോസ്റ്റ്- അപാകതകൾ | 3-12 |
| 28 | തെരുവുവിളക്ക്-മീറ്ററിംഗ് സമ്പ്രദായം നടപ്പാക്കിയില്ല | 3-13 |
| 29 | ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം- അപാകതകൾ | 3-14 |
| 30 | ഭവന പുനരുദ്ധാരണപദ്ധതി | 3-15 |
| 31 | കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി | 3-16 |
| 32 | മണപൊയ്ക റോഡ്- പൂർണ്ണമാക്കിയിട്ടില്ല | 3-17 |
| 33 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-18 |
| | ഭാഗം-4 | |
| 34 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8. |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10. |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 02.03.2016 തീയതിയിലെ പ്രത്യേക കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.07.2016 | 26.07.2016 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 15.12.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

ന്യൂനതകൾ

1. മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3. സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ വിനിയോഗത്തിന്റെ കണക്കുകൾ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

4. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

5. വസ്തുനികുതി, ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് കണക്കുകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20041979 |
| വരവ് | 34234078 |
| ആകെ | 54276057 |
| ചെലവ് | 47402522 |
| നീക്കിയിരിപ്പ് | 6873535 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1737201 | 9027477 | 10764678 | 10708678 | 56000 | 99.48 |
| വികസനഫണ്ട് എസ്.സി.പി. | 1727794 | 3202131 | 4929925 | 4929925 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 138000 | 138000 | 138000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1926890 | 8212037 | 10138927 | 10138927 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1068838 | 1064615 | 2133453 | 2133453 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2736941 | 5511061 | 8248002 | 8248002 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3810713 | 1964867 | 5775580 | 5775580 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 23999 | 5634115 | 5658114 | 5649708 | 8406 | 99.8 |
| ബി ഫണ്ട് | 56040 | 12466538 | 12522578 | 12522578 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | 48133100 | 108 | 34630418 | 20 | 3 | 82.44 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 20.17%ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1738875 | 1871140 | 132265 | |
| നികുതിയേതര വരവുകൾ | 932664 | 1026545 | 93881 | |
| മറ്റുവരവുകൾ | 4648428 | 5899368 | 1250940 | |
| ആകെ | 7319967 | 8797053 | 1477086 | 20.17% (+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 240120 | 152 |
| കർഷക തൊഴിലാളി പെൻഷൻ | 434100 | 55 |
| വിധവാ പെൻഷൻ | 5410840 | 565 |
| വാർദ്ധക്യ കാലപെൻഷൻ | 3416220 | 401 |
| വികലാംഗ പെൻഷൻ | 2381630 | 234 |
| അവിവാഹിത പെൻഷൻ | 243080 | 25 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 330000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 16.12.2016തീയതിയിൽ 3 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1036/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

രജിസ്റ്ററും രേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തികൾ അന്യാധീനപ്പെടാതിരിക്കാനും ആസ്തികളുടെ സംരക്ഷണത്തിനും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. നികുതി പിരിവ് ഊർജ്ജിതമാക്കാനുള്ള ശ്രമങ്ങൾ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ലൈസൻസ് എടുക്കുന്നതിലും നികുതി ഒടുക്കുന്നതിലും വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തി മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. ഇത് തനത് വരുമാന ചെലവ് കുറയ്ക്കുന്നതിന് സഹായകമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.12.16 | 11/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.09.2007 | 1997-98 മുതൽ 2006-07 വരെ | 20.11.2007 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക കുടിശ്ശിക ഒടുക്ക് വരുത്തുന്നില്ല

പേരയം പഞ്ചായത്തിൽ 10/701, 10/702 എന്നീ കടമുറികൾ വാടകക്ക് എടുത്തത് ശ്രീ മൈക്കിൾ, ശ്രീ വാൾട്ടർ എന്നീ വ്യക്തികളാണ്. 2014-15 സാമ്പത്തിക വർഷത്തിൽ ടി രണ്ട് വ്യക്തികളും ഒക്ടോബർ മാസം വരെ മാത്രമേ 365/-രൂപ വാടക കുടിശ്ശിക ഒടുക്കിയുള്ളൂ. 1/9/14 ലെ നം-എ4-2484/14 കത്ത് പ്രകാരം കടമുറികളുടെ ഇടഭിത്തി പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഇടിച്ചത് 15 ദിവസത്തിനകം പൂർവ സ്ഥിതിയിലാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണെന്ന് കാണിച്ച് കത്ത് നൽകി. നോട്ടീസിനെതിരെ ടി കക്ഷികൾ എൽഎസ്ജിഡി ട്രൈബ്യൂണലിനെ സമീപിക്കുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്തു. 9/7/15

ലെ വിധി പ്രകാരം അപ്പീൽ നിരസിച്ചതിനാൽ ടിയാളുകൾക്ക് നോട്ടീസ് നൽകി. എന്നാൽ ഇതിനെതിരെ എതിർ കക്ഷികൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും(NP(C)23763/15) ഇടക്കാല സ്റ്റേ സമ്പാദിക്കുകയും ചെയ്തു. കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. കേസിന്റെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.
16/7/15 ലെ എ4/2484/14 നം കത്ത് പ്രകാരം ഷോപ്പിങ് കോംപ്ലക്സ് കടമുറികളുടെ ഇടഭിത്തി സ്വന്തം ചിലവിൽ നിർമ്മിച്ച് രേഖാമൂലം അറിയിക്കേണ്ടതാണെന്ന് കാണിച്ച് കത്ത് നൽകി. വാടകക്കാരെ ഒഴിപ്പിക്കാനും വാടക കരാർ പുതുക്കി നൽകാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നില്ല

2015-16 സാമ്പത്തിക വർഷത്തിൽ പേരയം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ എണ്ണവും ആയതിന് വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (നം-6/19/12/16) രണ്ട് മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013-14 മുതൽ ഈടാക്കാനുണ്ട് എന്ന് മറുപടി ലഭ്യമാക്കി. ഈടാക്കാനുള്ള 10890/-(7260+3630) രൂപ പിഴപ്പലിശയുൾപ്പെടെ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി,സ്ഥാപന നികുതി ഇവ ഈടാക്കുന്നില്ല

പേരയം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഇലക്ട്രിക്കൽ ഡിവിഷൻ കുണ്ടറ, ഈസ്റ്റ്കല്ലട | രണ്ടാം അർദ്ധവർഷം |
| 2 | പോസ്റ്റ് ഓഫീസ് പടപ്പക്കര | ആദ്യഅർദ്ധവർഷം |
| 3 | പോസ്റ്റ്ഓഫീസ്, കുമ്പളം | ആദ്യഅർദ്ധവർഷം |

| | | |
|---|---|---|
| 4 | നന്മ സ്റ്റോർ മുളവന, പേരയം | രണ്ടാം അർദ്ധവർഷം |

2014-15 സാമ്പത്തിക വർഷത്തിൽ സെന്റ് ജോസഫ് ഇന്റർ നാഷണൽ അക്കാഡമി എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷം ടി സ്ഥാപനം സ്ഥാപന നികുതി അടവാക്കിയിട്ടില്ല. സ്ഥാപന നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്

## 2-4 <u>നിരസിച്ച അപേക്ഷകളിൽ മേൽ നടപടികൾ കൈക്കൊള്ളുന്നില്ല</u>

പേരയം പഞ്ചായത്തിൽ താഴെ പറയുന്ന കെട്ടിട നമ്പർ നൽകുന്നതിനായുള്ള അപേക്ഷകളിൽ താഴെപറയുന്ന അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്.

| ക്രമനം | വ്യക്തിയുടെപേര് | നിരസിച്ച കാരണം |
|---|---|---|
| 1 | വിനോദ് കുമാർ | താമസയോഗ്യമല്ല |
| 2 | സുബിൻ വർഗീസ് | താമസയോഗ്യമല്ല |
| 3 | മഞ്ചു | CRZ |
| 4 | ബാബു എസ് | വാസയോഗ്യമായ രീതിയിലല്ല നിർമാണം |
| 5 | ഡയാന ജോർജ് | CRZ |
| 6 | ആന്റണി എ | അതിർത്തിയിൽനിന്നും 0.50m അകലം |
| 7 | ജോസ് പ്രകാശ് | വാസയോഗ്യമായരീതിയിലല്ല നിർമ്മാണം |
| 8 | ഫാദർ ആൽഡ്രിൻ ജോസഫ് | പഞ്ചായത്തിന്റെ അനുമതിയും ജില്ലാ കളക്ടറുടെ അനുമതിയും വാങ്ങിയിട്ടില്ല |
| 9 | സുജി | റീസർവേ നമ്പരിൽപ്പെട്ട സ്ഥലത്തല്ല കെട്ടിടം സ്ഥിതിചെയ്യുന്നത് |
| 10 | സുജാകുമാരി | തൊട്ടടുത്ത പുരയിടവുമായി 0.70 മീ മാത്രമാണ് അകലം |

| | | |
|---|---|---|
| 11 | ലളിത | റോഡിൽനിന്ന് 3 മീ അകലം പാലിക്കാതെയുള്ള നിർമാണം |
| 12 | ഫാദർ ആൽഡ്രിൻ ജോസഫ് | കളക്ടറുടെ അനുമതി ആവശ്യമാണ് |

ടി വിഷയത്തെ സംബന്ധിച്ച് എൻക്വയറിനം-7(19/12/16) നൽകിയതിൽ ക്രമനം 1, 2, 4, 7 എന്നീ കെട്ടിടങ്ങൾ പൊളിച്ച് നീക്കിയിട്ടുണ്ടെന്നും ക്രമനം 3, 5 എന്നിവ CRZ ആയതിനാൽ കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ അനുമതി ലഭിക്കുന്ന മുറക്ക് ക്രമവൽക്കരിച്ച് നൽകാവുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ബാക്കിയുള്ള കെട്ടിടങ്ങൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് ക്രമവൽക്കരിച്ച് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ക്രമ വൽക്കരണം സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഇല്ലാത്ത ബൾബിനു കറണ്ട് ചാർജ്ജ് ഒടുക്കു വരുത്തുന്നു.

നിലവിൽ ഇല്ലാത്ത ബൾബുകൾക്ക് കറണ്ട് ചാർജ്ജ് നൽകിയിരിക്കുന്നു. ഗ്രാമ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജ് ഒടുക്കാനായി കെ.എസ്.ഇ.ബി. നൽകിയ BB/KDA/SL/2014-15/7-11-14 നമ്പർ കത്തിൽ നിലവിൽ പഞ്ചായത്തിൽ 40 Wബൾബ് 480 എണ്ണവും 60 W ബൾബ് 65 എണ്ണവും ഉണ്ട്. ആയതിന്റെ കറണ്ട് ചാർജ്ജ് നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

| ഇനം | വാട്ടേജ് | എണ്ണം | കത്തുന്ന സമയം | നിരക്ക് | തുക |
|---|---|---|---|---|---|
| ബൾബ് | 40 | 480 | 12 | 61 | 29280 |
| ബൾബ് | 60 | 65 | 12 | 94 | 6110 |
| ആകെ | | | | | 35390 |

ഗ്രാമ പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ അവസാനമായി ബൾബ് വാങ്ങിയിരിക്കുന്നത് 2010 ൽ ആണ്. ആയതിനു ശേഷം ബൾബ് വാങ്ങുകയോ വാർഷിക അറ്റകുറ്റ പണി നടത്തുന്നതിനായി തുക നൽകിയപ്പോൾ ബൾബ് ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതായത് നിലവിൽ ഇല്ലാത്ത ബൾബുകൾക്കായി മാസം 35390/- രൂപാ

നിരക്കിൽ ഒരു വർഷത്തേക്ക് 424680/- രൂപ നൽകിയിരിക്കുന്നു. ഈ തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/21.12.2016) മറുപടിയായി സംയുക്ത പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും, ആയതനുസരിച്ച് വൈദ്യുതി ചാർജ്ജ് ക്രമീകരിച്ച് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-2 തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല

പാലിയേറ്റിവ് കെയർ പദ്ധതിയ്ക്കായി മരുന്ന് വാങ്ങാൻ തുക നൽകിയെങ്കിലും ഇനിയും മരുന്ന് മുഴുവനായി ലഭ്യമായിട്ടില്ല. ബിൽ നമ്പർ 04/16-03-2016 പ്രകാരം പിൻവലിച്ച 39999/-രൂപ DD നമ്പർ 297294/19-3-16 പ്രകാരം KMSCL ന് നൽകിയെങ്കിലും നാളിതുവരെ 23863/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. ബാക്കി 16136/-രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(8/20-12-16) മറുപടിയായി ആയത് ലഭ്യമാക്കി അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മരുന്ന് അടിയന്തിരമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 വാർഡ് തല സാനിട്ടേഷൻ കമ്മിറ്റിയ്ക്ക് നിലവിൽ ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ

വാർഡ് തല സാനിട്ടേഷൻ കമ്മിറ്റിയ്ക്ക് നിലവിൽ ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ ഉണ്ട്. വാർഡിന്റെ ചുമതലയുള്ള ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെയും വാർഡ് മെമ്പറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലാണ് ശുചിത്വ മിഷൻ വിഹിതം, എൻ.ആർ.എച്ച്.എം വിഹിതം എന്നിവ നിക്ഷേപിച്ചിരിക്കുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ ഉണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ദേശസാൽകൃത ബാങ്കിലൂടെ മാത്രമേ ഇടപാടുകൾ നടത്താവൂ എന്ന നിർദ്ദേശത്തെ തുടർന്നാണ് പുതിയ അക്കൗണ്ട് തുടങ്ങിയത് എന്നറിയിച്ചിട്ടുണ്ട്. ഒരു അക്കൗണ്ട് നിലനിർത്തി ബാക്കി അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-4 പഞ്ചായത്ത് കെട്ടിടം കരാറില്ലാതെ വിട്ടു നൽകി

പഞ്ചായത്ത് സ്റ്റേഡിയത്തിലെ മുറികൾ സ്വകാര്യ ക്ലബ്ബിനായി വിട്ടു നൽകിയെങ്കിലും കരാർ പുതുക്കിയിട്ടില്ല.

പടപ്പക്കര പഞ്ചായത്ത് സ്റ്റേഡിയത്തിലെ രണ്ടു മുറികൾ(XIV 507, 508) 2015-16 സാമ്പത്തിക വർഷത്തിൽ സെഞ്ച്വറി ക്ലബ്ബിനായി മുൻകൂർ ഈടാക്കി വിട്ടു നൽകിയിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം 4500/- രൂപ മുൻകൂർ ഈടാക്കിയാണ് മുറികൾ വിട്ടു

നൽകിയിരിക്കുന്നത്. എന്നാൽ നിലവിൽ 3000/- രൂപ മാത്രമേ മുൻകൂർ ഉള്ളൂ. ബാക്കി 1500/- രൂപ വാടക ആയി ഈടാക്കിയതാണെന്നും തുടർന്ന് കമ്മറ്റി തീരുമാനമനുസരിച്ച് തിരികെ നൽകിയിട്ടുണ്ട് എന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (15/21-12-16) ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. ടി കരാർ കാലാവധി 2016 മാർച്ച് 31 വരെയാണ്. നിലവിൽ കരാർ പുതുക്കിയിട്ടില്ല. ആയത് പുതുക്കി വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കൃത്യമായി എഗ്രിമെന്റ് പുതുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 മീഡിയാശ്രീ

വി.ഇ.ഒ നിർവ്വഹണം നടത്തിയ മീഡിയാശ്രീ പ്രവർത്തനച്ചെലവ് എന്ന പ്രോജക്ടിനായി (നം.122/16 ,CFC ഗ്രാന്റ്) 17-03-16ലെ ബിൽ നം.21 പ്രകാരം 65000/- രൂപ പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ വീഡിയോ ഡോക്യുമെന്ററി നിർമ്മിക്കുന്നതിലേയ്ക്ക് കുടുംബശ്രീ മിഷൻ സംസ്ഥാന എക്സിക്യൂട്ടിവ് ഡയറക്ടർക്ക് നൽകിയെങ്കിലും നാളിതുവരെ വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കിയിട്ടില്ല. കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലുള്ള സമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കാനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേയ്ക്കായി 65,000/-രൂപ വീതം ഓരോ ഗ്രാമപഞ്ചായത്തിനും നൽകാമെന്ന് 05.12.2014ലെ സ.ഉ(സാധാ)നം.3206/14/ത.സ്വ.ഭ.വ. ഉത്തരവിലും, സർക്കാർ നിർദ്ദേശങ്ങളെ ആധാരമാക്കി തയ്യാറാക്കിയ തിരക്കഥ ഗ്രാമപഞ്ചായത്ത് അംഗീകരിക്കുകയും, തിരക്കഥയും പദ്ധതിക്കുള്ള തുകയും ലഭിച്ചു കഴിഞ്ഞാൽ 60 ദിവസത്തിനകം ഗ്രാമ പഞ്ചായത്തിനെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കണമെന്ന് 20-03-15 ലെ സ.ഉ(സാധാ)നം.813/15/2015/ത.സ്വ.ഭ.വ ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും വീഡിയോ ഡോക്യുമെന്ററികൾ തയ്യാറാക്കിയതായി രേഖകളില്ല. ആയതിനാൽ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായുള്ള വീഡിയോ ഡോക്യുമെന്ററികൾ തയ്യാറാക്കുന്നതിലേയ്ക്ക് നൽകിയ 65000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മാർഗനിർദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയ ഡോക്യുമെന്ററികൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-6 കരാർ ജീവനക്കാരുടെ സർവീസ് ബുക്കുകൾ കാലികമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ കരാർജീവനക്കാരായ വൽസ, സീന, ഡയാന എന്നിവർ ഈ സാമ്പത്തിക വർഷത്തിൽ ആർജ്ജിതാവധി സറണ്ടർ ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | വൌച്ചർ നമ്പർ/തീയതി | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|---|
| ഡയാന | 21500815/23-03-16 | 792322/23-03-2016 | 6750 |
| വൽസ | 21500816/23-03-16 | 792323/23-03-2016 | 8250 |
| സീന | 21500817/23-03-16 | 792324/23-03-2016 | 6600 |

എന്നാൽ ടിയാളുകളുടെ സർവീസ് ബുക്കുകൾ കാലികമാക്കി ലീവ് വിവരങ്ങൾ

ചേർത്തിട്ടില്ലാത്തതിനാൽ ഈ തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ടി തുകയുടെ ചെലവ് (21600) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർവീസ് ബുക്കുകൾ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-7 പച്ചക്കറികൃഷി വികസനം-സബ്സിഡി തുക അധികം ചെലവഴിച്ചു

പ്രോജക്ട് നം – എസ് 012/16

വികസന ഫണ്ട് (ജനറൽ)-75000/- രൂപ

ഗുണഭോക്തൃ വിഹിതം – 13260/- രൂപ

ആകെ – 88260/- രൂപ

ചെലവഴിച്ച തുക -22500/-രൂപ(ബിൽ നം4/19-3-16) (സബ്സിഡി 21700+ കയറ്റിറക്ക് കൂലി 800)

കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ചുവടെ ചേർക്കും പ്രകാരം സബ്സിഡി തുക അധികം ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ആകെ ചെലവായ തുക | സബ്സിഡി നിരക്ക് | നൽകാവുന്ന സബ്സിഡി | നല്കിയ സബ്സിഡി | അധികം |
|---|---|---|---|---|---|
| പച്ചക്കറി വിത്ത് | 10000 | 100% | 10000 | | |
| ജൈവവളം | 4800 | 75% | 3600 | | |
| ജൈവകീടനാശിനി | 2800 | 50% | 1400 | | |
| ഗ്രോബാഗ് | 8000 | 50% | 4000 | | |
| ആകെ | 25600 | | 19000 | 21700 | 2700 |

സബ്സിഡി തുക അധികം ചെലവഴിച്ചതിന്റെ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറിക്ക്(നം. 10/20-2-16) ക്ലറിക്കൽ മിസ്റ്റേക്കാണെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. അധികമായി ചെലവഴിച്ച തുക നിശ്ചിത ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-8 സർക്കാർ ജീവനക്കാരുടെ കുടുംബങ്ങൾക്ക് ആട് വാങ്ങൽ പദ്ധതി ആനുകൂല്യം നല്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

പ്രോജക്ട് നം. – എസ് 025/16

വികസന ഫണ്ട്(CFC) -315000/-രൂപ

ഗുണഭോക്തൃവിഹിതം -315000/- രൂപ

ചെലവഴിച്ച സബ്സിഡി തുക- 315000/-രൂപ (82500/-ബിൽ നം.3/19-2-16 +67500/-ബിൽ നം7/26-3-16,165000/-ബിൽ നം6/26-3-16.

സബ്സിഡി മാർഗ്ഗരേഖയിൽ ആട് വളർത്തൽ പദ്ധതികളിൽ കുടുംബവാർഷിക വരുമാനം 50000/- രൂപയിൽ കവിയാത്തവർക്കും നാമമാത്ര ചെറുകിട കർഷകർക്കുമാണ് ആനുകൂല്യം നല്കേണ്ടതെന്ന് വ്യക്തമാക്കുന്നുണ്ട്. കൂടാതെ ഖണ്ഡിക 2.14 ൽ സർക്കാർ/അർദ്ധസർക്കാർ/, സഹകരണസ്ഥാപനങ്ങൾ/ സ്വകാര്യ സ്ഥാപനങ്ങൾ, എന്നിവയിലെ ജീവനക്കാർ പെൻഷണർമാർ, പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ എന്നിവർ ഉൾപ്പെട്ട കുടുംബത്തെ 50000/- രൂപയിൽ താഴെ വരുമാനം ഉള്ളവരായി കണക്കാക്കാവുന്നതല്ല എന്ന് വ്യക്തമാക്കുന്നുണ്ട്. ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ ടിയാളുകൾ മേൽ ആനുകൂല്യത്തിന് അർഹരല്ലെന്ന് കാണുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ അവശേഷിക്കെ ചുവടെ ചേർത്തിരിക്കുന്നവർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച നൽകിയ എൻക്വയറിക്ക് മറുപടി (നം 12/21-3-16) ലഭ്യമാക്കിയിട്ടില്ല.

| പേര് | റേഷൻകാർഡ് നം/രേഖപ്പെടുത്തൽ | സബ്സിഡി തുക |
|---|---|---|
| റോസമ്മ സൈലേഷ്, ഷൈജുഭവനം | 1207209709<br>ഭർത്താവ്,ഗവൺമെന്റ് ജീവനം | 7500 |
| അൽഫോൻസ്യ,പൊന്നാനിക്കൽ മേലതിൽ | 1207176055<br>ഭർത്താവ്,ഗവൺമെന്റ് ജീവനം | 7500 |
| ലിറ്റീഷ്യ,കുന്നഴികത്ത് വീട് | 1207175493<br>ഭർത്താവ്,ഗവൺമെന്റ് ജീവനം | 7500 |
| ശോശാമ്മ ,വട്ടവിളവീട് | 1207174792<br>മകൻ, ഗവൺമെന്റ് ജീവനം | 7500 |
| ഷേർളി,മനോജ്ഭവനം | 1207175947<br>മകൻ, ഗവൺമെന്റ് ജീവനം | 7500 |
| | ആകെ | 37500 |

മറ്റു വരുമാനം ഇല്ലാത്ത കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്തുന്നതിന് വേണ്ടിയുള്ള സബ്സിഡി തുക അനർഹർക്ക് നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക അതതു ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-9 <u>വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല</u>

ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു വിനിയോഗ

സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്, അടങ്കൽ തുക ചെലവഴിച്ച തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | വിനിയോഗം ലഭിക്കാനുള്ള തുക |
|---|---|---|---|
| 1 | ഐ.കെ.എമ്മിന് അടയ്ക്കേണ്ട വിഹിതം-വികസനഫണ്ട് (ജനറൽ)<br>അടങ്കൽ തുക-33885/-<br>ചെലവഴിച്ച തുക-33885/-<br>(ബിൽ നം-804/16/30-03-16) | സെക്രട്ടറി | 33885 |
| 2 | ജീവനം, എം.ആർ.ഐ.സ്കാൻ, ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർഎസ്. 126/16 ,CFC grant 400000/-<br>ചെലവഴിച്ച തുക- 400000/-<br>(ബിൽ നം 575/16/25-01-16) | സെക്രട്ടറി | 100000 |
| 3 | ഐ.എ.വൈ ജനറൽ-എ സ്.0003/16 ,വികസനഫണ്ട്(ജനറൽ)<br>അടങ്കൽ തുക-420000/-<br>ചെലവഴിച്ച തുക-420000/-<br>(ബിൽ നം 576/16/25-01-16) | സെക്രട്ടറി | 260000 |
| 4 | ഐ.എ.വൈ ജനറൽ (ജി.ഒ.പ്രോജക്റ്റ്<br>എസ്.0146/16 ,വികസനഫണ്ട്(ജനറൽ)<br>അടങ്കൽ തുക-401867/-<br>ചെലവഴിച്ച തുക-400000/- (ബിൽ നം 805/16 /30-03-16) | സെക്രട്ടറി | 125676 |
| 5 | ഐ.എ.വൈ എസ്.സി.പി(ജി.ഒ.പ്രോജക്റ്റ്<br>എസ്.0147/16 ,വികസനഫണ്ട്(എസ്.സി.പി)<br>അടങ്കൽ തുക-600000/-<br>ചെലവഴിച്ച തുക-600000/-(ബിൽ നം 806/16 /30-03-16) | സെക്രട്ടറി | 396250 |
| 6 | സ്ട്രീറ്റ് ലൈൻ വലിക്കൽ-(ബിൽ നം 520/16 /07-01-16) | സെക്രട്ടറി | 996850 |

| | | | |
|---|---|---|---|
| | | ആകെ | 1912661 |

## 3-10 കന്നുകുട്ടി പരിപാലനംപദ്ധതി -വിനിയോഗരേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം എസ്.ഒ.024/16

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ.

പദ്ധതി വിഹിതം-വികസനഫണ്ട് (CFC)-300000/-

സംസ്ഥാന വിഹിതം-300000/-രൂപ

ചെലവഴിച്ച തുക-300000/-രൂപ (ബിൽ നം 8/30-3-16)

മേൽ പദ്ധതിപ്രകാരം 48 ഗുണഭോക്താക്കൾക്ക് കന്നുകുട്ടി ഒന്നിന് 6250/- രൂപ സബ്സിഡി നിരക്കിൽ(പഞ്ചായത്ത് വിഹിതം) 300000/-രൂപ കാഫ് ഫീഡ് അസിസ്റ്റന്റ് പേർക്ക് നല്കിയിരുന്നെങ്കിലും കന്നുകുട്ടികളെ എൻറോൾ ചെയ്തതിന്റെയോ തുക വിനിയോഗിച്ചതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി പിൻവലിച്ച 300000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 പോത്തുകുട്ടി വളർത്തൽ ആട് വളർത്തൽ എന്നീ പദ്ധതികളുടെ നടത്തിപ്പിലുള്ള അപാകതകൾ

മേൽ പദ്ധതിയിൽ മൃഗങ്ങളെ വാങ്ങിയ സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ചുള്ള രേഖകളോ വാക്സിനേഷൻ നടത്തിയതായുള്ള സർട്ടിഫിക്കറ്റോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

a) പോത്തുകുട്ടി വളർത്തൽ - പദ്ധതി വഴി ഒരു പോത്ത് കുട്ടിയെ വാങ്ങി നൽകിയിട്ടുണ്ടെങ്കിലും അതിന്റെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച വികസനഫണ്ട് വിഹിതം 5000/-രൂപ(ബിൽ നം. 1/ 29-10-15) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 ഗുണഭോക്തൃവിഹിതം പൂർണ്ണമായി പിരിച്ചെടുക്കാതെ പൈപ്പ് കമ്പോസ്റ്റ് വിതരണം നടത്തി

പ്രോജക്റ്റ് നം. – 66/16

ചെലവ് തുക -884928/-രൂപ(2015-16)

(ch. 964047/11-8-15 – 397288/-രൂപ

ഡി.ഡി. നം. 860816/16.9.15—180360/-രൂപ

ഡി.ഡി. നം. 295975/5.2.16—307250/-രൂപ

34200/-രൂപ(1530650/25.8.16)(2016-17)

കേന്ദ്ര ഫണ്ട് 945000/- രൂപയും ഗുണഭോക്തൃ വിഹിതം 126000/- രൂപയും നിർമ്മൽ പുരസ്കാരം 189000/- രൂപയും വകയിരുത്തി രൂപീകരിച്ച പ്രോജക്ടിൽപ്പെടുത്തി 919128/-

രൂപ ചെലവഴിച്ച(15-16-ൽ 884928രൂപ, 16-17-ൽ 34200/-രൂപ(ഗുണഭോക്തൃവിഹിതം))പൈപ്പ് കമ്പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നതിനായി എവർഷൈൻ എസ്.എച്ച്.ജി ബയോ ഗ്യാസിനാണ് തുക ചെലവഴിച്ചത്. യൂണിറ്റിന് 891/- രൂപയാണ് മേൽ സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത്. ആയതിന്റെ പത്ത് ശതമാനം തുകയായ 90/- രൂപയാണ് ഒരു യൂണിറ്റിന് ഈടാക്കേണ്ടിയിരുന്ന ഗുണഭോക്തൃ വിഹിതം. 919128/-രൂപ കൈപ്പറ്റിയതായുള്ള സ്ഥാപന- ത്തിന്റെ കൈപ്പറ്റ് രസീത് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ചെലവ് ചെയ്ത തുകയ്ക്ക് എത്ര യൂണിറ്റുകൾ ലഭ്യമായെന്നോ അവ ആർക്കൊക്കെ വിതരണം ചെയ്തെന്നോ വ്യക്തമാക്കുന്ന യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. മാത്രമല്ല ഗുണഭോക്തൃ വിഹിതം പൂർണ്ണമായി ഈടാക്കിയിട്ടില്ല. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിന് 2015-16 വർഷം 884928/- രൂപയും 16-17 വർഷം 34200/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനം സപ്ളൈ ചെയ്ത പൈപ്പ് കമ്പോസ്റ്റുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുന്ന ബിൽ, ഡെലിവറി റിപ്പോർട്ട് എന്നിവ ഉൾപ്പെടെയുള്ള യാതൊരു രേഖകളും ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

2.സപ്ലൈ ചെയ്ത സാധനത്തിന്റെ സ്റ്റോക്ക്, ഇഷ്യൂ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3. 1400 ഗുണഭോക്താക്കളിൽ നിന്ന് 90/- രൂപ ക്രമത്തിൽ 126000/- രൂപ ഈടാക്കേണ്ടി- യിരുന്നുവെങ്കിലും 380 പേരിൽ നിന്ന് മാത്രമാണ് തുക ഈടാക്കിയിട്ടുള്ളത് .

4.പൈപ്പ് കമ്പോസ്റ്റ് ലഭിച്ചതായുള്ള 70 ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

5. 1400 ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ട 126000/- രൂപയിൽ നാളിതുവരെ 380 പേരുടെ വിഹിതമായ 34200/- രൂപ മാത്രമാണ് പിരിച്ചത്. ശേഷിച്ച 1020 എണ്ണത്തിന്റെ ഗുണഭോക്തൃ വിഹിതം 91800/- രൂപ പിരിച്ചെടുക്കുന്നതിന് മുൻപായി സ്ഥാപനത്തിന് 1031 എണ്ണം പൈപ്പ് കമ്പോസ്റ്റിന്റെ വിലയെ അധികരിച്ച് നൽകിയതിന്റെ ആധികാരികത വ്യക്തമല്ല.

6.അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. എത്ര യൂണിറ്റാണ് വിതരണം നടത്തുന്ന- തെന്നോ എത്ര എണ്ണത്തിനാണ് വർക്ക് ഓർഡർ നൽകിയതെന്നോ വ്യക്തമാക്കുന്ന യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല. സ്ഥാപനവുമായി എഗ്രിമെന്റ് വച്ചതായും കാണുന്നില്ല.

പൈപ്പ് കമ്പോസ്റ്റ് ഡെലിവറി ചെയ്തതിന്റേയും വിതരണം നടത്തിയതിന്റേയും രേഖകൾ കൈപ്പറ്റ് രസീത് ഇവ ഹാജരാക്കേണ്ടതും ഗുണഭോക്തൃ വിഹിതമിനത്തിൽ ഒടുക്കാൻ ശേഷിക്കുന്ന 91800/- രൂപ ഗുണഭോക്താക്കളിൽ നിന്ന് പഞ്ചായത്തിന്റെ ആധികാരിക രസീതു പ്രകാരം പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്. ആയതുവരെ 15-16 വർഷം ചെലവഴിച്ച 884928/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.

## 3-13 <u>തെരുവ് വിളക്ക് മീറ്ററിംഗ് സംമ്പ്രദായം നടപ്പിലാക്കിയിട്ടില്ല.</u>

തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനും മീറ്ററുകൾ സ്ഥാപിക്കുന്നതിനുമായി മൂന്ന് ഘട്ടങ്ങളിലായി 2865315/-രൂപ(2015-16 ലെ s0057/16 പ്രകാരമുള്ള 996850/- രൂപ ഉൾപ്പെടെ) 3 ഇലക്ട്രിക്കൽ സെക്ഷനുകളിൽ(കുണ്ടറ, എഴുകോൺ, കിഴക്കേ കല്ലട) ഒടുക്കു വരുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല. നിലവിലുള്ള ബൾബുകൾ മാറ്റി പുതിയ ട്യൂബ് സെറ്റുകൾ സ്ഥാപിക്കുന്നതിനാൽ ട്യൂബുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും പഴയ ബൾബുകളുടെ എണ്ണം കുറയ്ക്കുന്നില്ല. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്താത്ത- തിനാലും മീറ്ററിംഗ് സമ്പ്രദായമില്ലാത്തതിനാലും ഉപയോഗിക്കാത്ത തെരുവു വിളക്കുകൾക്ക് കൂടി എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടി വരുന്നു.

മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം ഇതിന് വേണ്ടി ചെലവഴിച്ച തുക ഓരോ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും പലിശ സഹിതം ഈടാക്കി അതാത് ഹെഡ്ഡുകളിൽ വരവ് വയ്ക്കേണ്ടതാണ്.

## 3-14 ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നീ പദ്ധതികളിലെ അപാകതകൾ

മേൽ പദ്ധതികളിലെ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ മത്സ്യതൊഴിലാളികൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നതായി കണ്ടു. എന്നാൽ ടിയാളുകൾക്ക് ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും മേൽ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും മേൽ ആനുകൂല്യങ്ങൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഗുണഭോക്താവിന് ടി വകുപ്പിൽ നിന്നും ആനുകൂല്യം കിട്ടിയിട്ടില്ലെന്ന് ഉറപ്പ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ഭവന പുനരുദ്ധാരണ പദധതി-അപാകത

മേൽ പദ്ധതിയുടെ അപേക്ഷ പരിശോധിച്ചതിൽ ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം കൈപ്പറ്റിയ (പ്രോജക്ട് നം. 52/16, ബിൽ നം. 19/19-2-16 – 20000/-രൂപ) അർച്ചന, വാഴവിള വടക്കതിൽ(കെട്ടിട നമ്പർ 6/188 പിതാവ് നെപ്പോളിയനിൽ നിന്നും ഓണർഷിപ്പ് അർച്ചനയ്ക്ക് നൽകിയിട്ടുണ്ട്) എന്നയാളിന്റെ റേഷൻ കാർഡിൽ (R.C.നം.1207174873) 200000/- രൂപ J-2925/2015/20-7-15 പ്രകാരം ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഭവന നിർമ്മാണത്തിന് അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/21-12-16) മേൽ വ്യക്തിയുടെ പിതാവിന് തുക ലഭിച്ചതായാണ് മറുപടി നല്കിയിരിക്കുന്നത്. വ്യക്തമായ രേഖകളുടെ അഭാവത്തിൽ ടിയാൾക്ക് ഭവന പുനരുദ്ധാ- രണത്തിന് ആനുകൂല്യം നല്കിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-16** മരാമത്ത് പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു- **46462/-** രൂപ നഷ്ടം

ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിന് അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

C.C.1:2:4 ( 1 cement: 2 coarse sand: 4 graded stone aggregate 20mm nominal size)

| Code No | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum | | | | |
| | MATERIAL | | | | |
| 0295 | Stone Aggregate (Single Size):20mm nominal size | cum | 0.670 | 1175.00 | 787.25 |
| 0297 | Stone Aggregate (Single Size):10mm nominal size | cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone Aggregate below 40mm nominal size | cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand (Zone III) | cum | 0.445 | 1200 | 534.00 |
| 2203 | Carriage of Coarse sand | cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement (0.2225 cum) | tonne | 0.320 | 6300 | 2016.00 |
| 2209 | Carriage of Cement | tonne | 0.320 | 94.65 | 30.29 |
| | LABOUR | | | | |
| 0155 | Mason (average) | day | 0.100 | 417 | 41.70 |
| 0114 | Beldar | day | 1.630 | 329 | 536.27 |
| 0101 | Bhisti | day | 0.700 | 350 | 24.50 |
| 0002 | Hire charges of concrete mixer 0.25 to 0.40 cum with Hopper | day | 0.070 | 800 | 56.00 |

| | | | | | |
|---|---|---|---|---|---|
| 0012 | Vibrator (Needle type 40mm) | day | 0.70 | 350 | 24.50 |
| 9999 | Sundries | LS | 14.300 | 1.78 | 25.45 |
| | Total | | | | 4706.23 |
| | Add water charge @ 1% | | | | 47.06 |
| | Total | | | | 4753.29 |
| | CP OH15% | | | | 712.99 |
| | | | | | 5466.28 |

മേൽ സൂചിപ്പിച്ച അടിസ്ഥാന നിരക്കിനെ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന തീയതിയിൽ നിലവിലുള്ള കോസ്റ്റ് ഇൻഡെക്സ് കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയാണ് പ്രസ്തുത ഇനത്തിന് അനുവദനീയമായ നിരക്കായി കണക്കാക്കേണ്ടത്. ഇതനുസരിച്ച് ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിന് അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.1.2015 - ൽ അനുവദനീയമായ നിരക്ക് = 5466.28X1.4190 = 7756.65/cum.

1 എന്നാൽ, പ്രസ്തുത ഇനത്തിന് നൽകിയിട്ടുള്ളത് ഡി.എസ്.ആർ, 2014 കോഡ് 11.7 പ്രകാരമുള്ള അടിസ്ഥാന നിരക്കാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Code 11.7 :- Cement Concrete pavement with 1: 2 :4
(1 cement: 4 Coarse sand :4 graded stone aggregate 20mm nominal size)
including finishing complete....

| CodeNo | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum | | | | |
| | MATERIAL | | | | |
| 4.1.3 | Cement Concrete 1:24<br>Rate as per Item No.4.1.3 of the SH:Concrete Work | Ccum | 1 | 4753.29 | 4753.29 (A) |
| | Extra labour for laying in floors etc. | | | | |

| | | | | | |
|---|---|---|---|---|---|
| 0124 | Mason (Brick layer)2nd class | day | 0.350 | 399 | 139.65 |
| 0114 | Beldar | day | 0.180 | 329 | 59.22 |
| 0101 | Bhisti | day | 0.050 | 363 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| | Total | | | | 5005.48 |
| | Add water charge @ 1% except on (A), that is, on (5005.48-4753.29) =252.79 | | | | 2.52 |
| | Total | | | | 5008 |
| | CP OH15% | | | | 751.2 |
| | Total | | | | 5759 |

പ്രസ്തുത നിരക്കിൽ ബ്രിക്ക് ലേയിംഗ് ഉൾപ്പടെയുള്ള ഫ്ലോർ ഫിനിഷിംഗ് വർക്കുകളുടെ ലേബർ ചാർജ്ജ് കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഫ്ലോർ ഫിനിഷിംഗ് ആവശ്യമില്ലാത്തതിനാൽ മേൽ സൂചിപ്പിച്ച നിരക്കിനെ അടിസ്ഥാന നിരക്കായി പരിഗണിച്ചുകൊണ്ട് 1.7.2015 പ്രാബല്യത്തിൽ നിരക്ക് 8172/m3 (5759x1.419=8172) ആയി നിശ്ചയിച്ചിട്ടുള്ളത് അംഗീകരിക്കുന്നില്ല. ഇപ്രകാരം തുക അധികം നല്കിയതിന്റെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ചെലവ് തുക, ബിൽ നമ്പർ/തീയതി | ചെയ്ത അളവ് | ചെലവ് ചെയ്ത തുക @8172 | അനുവദനീയമായ തുക @7757 | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | റൈസ്മിൽ-കായൽവാരം റോഡ്101,/16<br>കോൺട്രാക്ടർ-ശ്രീ.ഹാലി ഹാരിസൺ.<br>ബുക്ക് നം-11/15-16, ജനറൽ-118000/- | 115846/-(22 /29-1-16) | 5.19m3 | 42414.24 | 40258.83 | 2155.41 |
| 2 | ജോസ് വസതി-കൊല്ലന്റഴികം റോഡ്105,/16<br>കോൺട്രാക്ടർ-ശ്രീ.,ഹാലി | 181167/-(21/29-1-16) | 4.68m3 | 38246.36 | 36302.76 | 1943.6 |

| | | | | | | |
|---|---|---|---|---|---|---|
| | ഹാരിസൺ.<br>ബുക്ക്നം-9/15-16,<br>മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-189000/- | | | | | |
| 3 | പെന്തകോസ്ത മൈക്കിൾ വസതി റോഡ്107,/16<br>കോൺട്രാക്ടർ-ശ്രീ., ഹാരിസൺ.ബുക്ക് നം-10/15-16,മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-177000/- | 174148/-(20 /29-1-16) | 6.5m3 | 53119.95 | 50420.5 | 2699.45 |
| 4 | നെല്ലിമൂക്കം-സ്റ്റെല്ലാ വസതി ബൈജു വിലാസം റോഡ്,30/16<br>കോൺട്രാക്ടർ-ശ്രീ.,ജോൺസൺ.എം.ബുക്ക് നം-4/15-16,മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-120000/- | 102770/-(18 /29-1-16) | 5.75m3 | 46989 | 44602.75 | 2386.75 |
| 5 | പുളിമുക്ക് മുകളുവിള കൊച്ചാലപ്പാട് റോഡ്35,/16<br>കോൺട്രാക്ടർ-ശ്രീ.,ജോൺസൺ.എം.ബുക്ക് നം-3/15-16,മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-800000/- | 450638/-(16 /31-12-15)<br>153866/-(19 /13-1-16)<br>178698(15/23.12.15) | 36m3 | 294202.80 | 279252 | 14950.8 |
| 6 | സദാനന്ദവിലാസം-വിൽഫ്രഡ് വസതി റോഡ്99,/16<br>കോൺട്രാക്ടർ-ശ്രീ.,ഹാലി ഹാരിസൺ.ബുക്ക് നം-9/15-16,മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-189000/- | 181143/-(17/13-1-16) | 8.88m3 | 72570.02 | 68882.16 | 3687.86 |
| 7 | പള്ളിയറ നഴ്സറി സ്കൂൾ ഇട | 96804/-(53 | 3.7m3 | 30237.51 | 28700.9 | 1536.61 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ്37,/16<br>കോൺട്രാക്ടർ-ശ്രീ.ജോൺസൺ.ബുക്ക് നം-37/15-16,മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-100000/- | /26.3.16 | | | | |
| 8 | പള്ളിയറ നഴ്സറി സ്കൂൾ ഇട റോഡ്36,/16<br>കോൺട്രാക്ടർ-ശ്രീ.ഹാലിഷ്.ബുക്ക് നം-36/15-16,മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-572000/- | 559951/-(51 /26.3.16) | 24.75m3 | 202264.43 | 191985.75 | 10278.68 |
| 9 | വിക്ടർ റീന ഭവനം വസതി-മനേഷ് വലിയവിള വസതി റോഡ്31,/16<br>കോൺട്രാക്ടർ-ശ്രീ.ജോൺസൺ.ബുക്ക് നം-30/15-16,മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-103000/- | 100633/-(38 /22.3.16 | 4.62m3 | 37756.03 | 35837.34 | 1918.69 |
| 10 | പടപ്പക്കര പി.എച്ച്.സി റോബർട്ട് വസതി റോഡ്98,/16<br>കോൺട്രാക്ടർ-ശ്രീ.ജോൺസൺ.ബുക്ക് നം-35/15-16,മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-126000/- | 121691/-(44/27.3.16 | 6.08m3 | 49685.76 | 47162.56 | 2523.2 |
| 11 | തൊട്ടുകയിൽ കായൽവാരം പുതുവൽ റോഡ്28,/16<br>കോൺട്രാക്ടർ-ശ്രീ.ജോൺസൺ.ബുക്ക് നം-29/15-16,മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-300000/- | 279502/-(44 /22.3.16 | 3.7m3 | 30237.51 | 28700.9 | 1536.61 |

| | | |
|---|---|---|
| | ആകെ നഷ്ടം | 45617.58 |

അധിക നിരക്ക് നൽകിയതു മൂലമുണ്ടായ നഷ്ടം നിരക്ക് അംഗീകരിച്ച അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-17 മഞ്ഞപൊയ്ക -ചാണാക്കോടി റോഡ്

പ്രോജക്ട്.നം-90/15-16

കോൺട്രാക്ടർ -ശ്രീ. ഹാലി ഹാരിസൺ

ചെലവ് തുക -275835-(27/17.2.16)

എം.ബുക്ക് നം-16/15-16

റോഡിന്റെ തുടക്കത്തിൽ ആദ്യ മെറ്റലിംഗ് കഴിഞ്ഞിട്ടുള്ള 211 മീറ്റർ കഴിഞ്ഞ് തുടർന്നുള്ള 284 മീറ്റർ മൺറോഡ് 3.20 മീറ്റർ വീതിയിൽ ആദ്യ ലെയർ മെറ്റലിംഗിനായുള്ള പ്രവൃത്തിയാണ്. 254.30 മീറ്റർ നീളത്തിൽ ആദ്യ മെറ്റലിംഗ് നടത്തിയിട്ടുണ്ട്. ഇതിനായി 275835/- രൂപ ചെലവഴിച്ചു. ടി റോഡിന്റെ രണ്ടാം മെറ്റലിംഗും, ടാറിംഗും തുടർ വർഷ പ്രോജക്ടിൽ ഏറ്റെടുത്തിട്ടില്ല. ആയതിനാൽ റോഡ് സംരക്ഷിക്കുന്നതിനായി രണ്ടാംഘട്ട പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

## 3-18 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധനഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദന ക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതും ലക്ഷ്യമാക്കി തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.12 ലെ സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും സിമെന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന് 02.02.12 ലെ സ.ഉ.(സാധാ)നം.334/12/ത.സ്വ.ഭ.വ. ഉത്തരവിലും സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം സാധന സാമഗ്രികൾ വാങ്ങി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കണമെന്ന് 30.03.15 ലെ ടി.ടി2/116/ 2015/എൽ.എസ്.ജി.ഡി. നമ്പർ സർക്കുലറിലും ഓരോ ഗ്രാമപഞ്ചായത്തിലും വേതനം സാധന ഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നിലനില്ക്കത്തക്ക രീതിയിൽ സാധന ഘടകങ്ങൾ ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ പരമാവധി റോഡ് പ്രവൃത്തികളും ഏറ്റെടുക്കണമെന്ന് 24.06.15 ലെ സ.ഉ.(കൈ)നം.202/15/ത.സ്വ.ഭ.വ. ഉത്തരവിലും വ്യക്തമാക്കുകയും 2015-16 ൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വിവിധ പ്രവൃത്തികൾക്ക് ജില്ലാതല പ്രൊക്യൂർമെന്റ് കമ്മിറ്റി

അംഗീകരിച്ച് നൽകിയ സാധന സാമഗ്രികൾക്കുള്ള വിലകളും വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിലാളികൾക്കുള്ള കൂലിയും 20.07.15 ലെ എ1.539/15 നമ്പർ കത്ത് പ്രകാരം ജോയിന്റ് ഡെപ്യൂട്ടി കമ്മീഷണർ അറിയിക്കുകയും ചെയ്തുവെങ്കിലും സാധന ഘടകങ്ങൾ ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. കിണർ റീചാർജിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളിലും വേതനഘടകം മാത്രമുള്ള പ്രവൃത്തികളാണ് നിർവഹിച്ചിട്ടുള്ളത്.

സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഇനി തുടർന്ന് ചെയ്യുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവൃത്തി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 28.01.16 | 150000 | 06/16 കാലിതീറ്റ വിതരണം | 150000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 29.03.16 | 9900 | 09/11 നെൽകൃഷി വികസനം | 9900 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 29.03.16 | 56000 | 123/16 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | ഇല്ല | 56000 |
| ജില്ലാ പഞ്ചായത്ത് | 30.03.16 | 16500 | 09/11 നെൽകൃഷി വികസനം | 16500 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | പ്രോജ.നം.55/16 ഇലകടിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 32680 | കെ.എസ്.ഇ.ബി |
| 2 | പ്രോജ.നം.57/16 സ്ട്രീറ്റ് ലൈൻ വലിക്കൽ | 996850 | കെ.എസ്.ഇ.ബി |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | 01.04.2016 ൽ തിരിച്ചടയക്കാൻ ബാക്കിയുള്ള തുക | 2015-16 ൽ തിരിച്ചടച്ച തുക | 31.03.2016 ൽ തിരിച്ചടയക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | ഇ.എം.എസ്.ഭവന പദ്ധതി ലോൺ തിരിച്ചടവ് | 1738562 | 1738562 | ഇല്ല |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 37480/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2012-13 | 3(15) | 25480 | റ്റി.ദിലീപ്കുമാർ, സെക്രട്ടറി | ട്രഷറി ചെല്ലാൻ നം.147/15.10.2015 |
| 2012-13 | 3(6) | 445 | റ്റി.ദിലീപ്കുമാർ, സെക്രട്ടറി | രസീത് നം. 11601100503/08.06.2016 |
| 2012-13 | 2(2) | 1055 | റ്റി.ദിലീപ്കുമാർ, സെക്രട്ടറി | രസീത് നം. 11601100503/08.06.2016 |
| 2011-12 | 3(8) | 10500 | രാജൻ നായർ, സെക്രട്ടറി | രസീത് നം. 11401103344/16..06.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖ.നം. | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999.2000 | 3.9 | 2006-07 | 3.11.4 | ജനകീയ പാർപ്പിട | അക്കൗണ്ട്സ് കമ്മിറ്റിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | പദ്ധതി | പരിഗണനയിൽ |
| 1999-2000 | 3.7 | 2006-07 | 3.11.4 | പമ്പ് സെറ്റ് സ്ഥാപിക്കൽ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 54276057 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47402522 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 85817 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3813869 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 2700 | ശ്രീമതി.സീന, കൃഷി ഓഫീസർ |
| 3-8 | | 37500 | ഡോ.ദീപ്തി, വെറ്ററിനറി സർജൻ |
| 3-16 | | 45617 | ശ്രീ.ഷാജിലാൽ,എ.ഇ , |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 424680 | ശ്രീമതി.എസ്. മേബിൾ , സെക്രട്ടറി--283120,ശ്രീ. പ്രേമചന്ദ്രൻ പിള്ള,സെക്രട്ടറി--35390,ശ്രീമതി.മാർഗരറ്റ്,സെക്രട്ടറി106170 |
| 3-5 | 65000 | ശ്രീ.സുമേഷ് വി.ഇ.ഒ |
| 3-6 | 21600 | ശ്രീമതി. എസ്. മേബിൾ,സെക്രട്ടറി |
| 3-9 | 1912661 | ശ്രീമതി. എസ്. മേബിൾ,സെക്രട്ടറി |

| | | |
|---|---|---|
| 3-10 | 300000 | ഡോ.ദീപ്തി, വെറ്ററിനറി സർജൻ |
| 3-11 | 5000 | ഡോ.ദീപ്തി, വെറ്ററിനറി സർജൻ |
| 3-12 | 884928 | ശ്രീ. സുമേഷ്, വി.ഇ.ഒ |
| 3-15 | 20000 | ശ്രീ.സുമേഷ്,വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സീന<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ | വൃന്ദാവനം, ദയാജി ജംഗ്ഷൻ, പരവൂർ |
| ഡോ.ദീപ്തി<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | രശ്മി നിവാസ്, തുരുത്തിക്കര (പി.ഓ), കുന്നത്തൂർ |
| ഷാജിലാൽ.കെ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | കോടിയിൽ ഹൗസ് വലിയവിള, മയ്യനാട്, കൊല്ലം |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|
| 1994-95 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 1996-97 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 1997-98 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |

| | |
|---|---|
| 1998-99 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 1999-2000 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2000-01 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2001-02 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2002-03 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2003-04 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2004-05 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2005-06 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2006-07 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2007-08 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2008-09 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2009-10 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2010-11 | എൽ.എഫ്.ക്യു.പി6/1309/2014/20.06.14 |
| 2011-12 | എൽ.എഫ്.ക്യു.പി6/822/2013 തീ. 14.08.13 |
| 2012-13 | എൽ.എഫ്.ക്യു.പി6/537/2014 തീ. 08.05.14 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം.

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി. 6 – 1892 / 16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 04.02.2017

### സാക്ഷ്യപത്രം 2015-2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പേരയം ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.